**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4313** **18-03-2025 - ൽ മറുപടിയ്ക്ക്**

**മണിമല നാളികേര പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മണിമല നാളികേര പാർക്കിന്റെ ചുറ്റുമതിൽ, പ്രവേശന കവാടം, വാച്ച്മാൻ ക്യാബിൻ പ്രവൃത്തികൾ എന്നിവ എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി നീക്കിവച്ചിട്ടുള്ള തുക സഹിതം അറിയിക്കാമോ; | (എ) | മണിമല നാളികേര പാർക്കിന്റെ ചുറ്റുമതിൽ, പ്രവേശന കവാടം, വാച്ച്മാൻ ക്യാബിൻ പ്രവൃത്തികൾക്ക് ഈ സാമ്പത്തിക വർഷം ബജറ്റിൽ 287 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവർത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർ വർക്ക് പകുതിക്ക് നിർത്തുകയും വർക്ക് തുടരുന്നതിന് വിസമ്മതിക്കുകയും ചെയ്യുന്നതിനാൽ നിലവിൽ വർക്ക് റദ്ദാക്കി മറ്റൊരു കോൺട്രാക്ടറെ തെരഞ്ഞെടുക്കേണ്ട സ്ഥിതിയാണുള്ളത്. ആദ്യ ഘട്ട വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് യു.എൽ.സി.സി.എസ്-നെ നിയമിക്കുകയും 19.02.2025-ന് സൈറ്റ് ഹാൻഡ് ഓവറും ചെയ്യുകയും ചെയ്തിട്ടുണ്ട്.പദ്ധതിയുടെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള വർക്ക് സൈറ്റിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | 2025 ജൂൺ മാസം വ്യവസായങ്ങളെ ക്ഷണിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഈ പ്രവൃത്തികളും പൂർത്തിയാക്കുമോ; വിശദമാക്കാമോ? | (ബി) | മേൽ (എ)പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ